"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്ത് കോവിഡ്-19 കേസുകളിലെ വർദ്ധനവ് - രോഗവ്യാപനം തടയുന്നതിനായി പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.782/2023/H&FWD തീയതി,തിരുവനന്തപുരം, 01-04-2023

പരാമർശം:-
1. ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.03.2023-ൽ ചേർന്ന കോവിഡ്-19 അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.03.2023 തീയതിയിലെ DHS/5528/2023-PH1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ്-19 കേസുകളിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ രോഗവ്യാപനം ഫലപ്രദമായി തടയുന്നതിനായി താഴെപ്പറയുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പ്രമേഹം, രക്താതിമർദ്ദം, അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ശ്വാസകോശരോഗമുള്ളവർ തുടങ്ങി മറ്റു അസുഖങ്ങൾ ഉള്ളവർ, ഗർഭിണികൾ, കുട്ടികൾ എന്നിവർ പൊതുസ്ഥലങ്ങളിലും, ആശുപത്രികളിലും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്.
2. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, പ്രമേഹം, രക്താതിമർദ്ദം, അർബുദം, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങി മറ്റു അസുഖമുള്ളവർ എന്നിവർക്ക് കോവിഡ്/ഇൻഫ്ലുവൻസാ രോഗലക്ഷണമുണ്ടെങ്കിൽ നിർബന്ധമായും RTPCR പരിശോധന നടത്തുകയും മാനദണ്ഡങ്ങൾക്കനുസരിച്ച് ചികിത്സ ലഭ്യമാക്കുകയും വേണം.
3. ആശുപത്രിയിൽ എത്തുന്ന രോഗികളും കൂട്ടിരിപ്പുകാരും നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം.
4. ആരോഗ്യ പ്രവർത്തകർ നിർബന്ധമായും ആശുപത്രികളിൽ മാസ്ക് ധരിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നുണ്ടെന്ന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.
5. ഇൻഫ്ലുവൻസ രോഗലക്ഷണങ്ങൾ ഉള്ള ഗർഭിണികളെ കണ്ടെത്തുവാൻ ആശാ പ്രവർത്തകർ, മറ്റ് ഫീൽഡ് ജീവനക്കാർ മുഖേന പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്. ഗർഭിണികൾക്ക് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ കോവിഡ്-19 പരിശോധന നടത്തുകയും, നെഗറ്റീവ് ആണെങ്കിൽ Oseltamivir ഗുളികകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് (ABC Guidelines) നൽകേണ്ടതാണ്.
6. കോവിഡ് വാക്സിൻ രണ്ട് ഡോസും, മുൻകരുതൽ ഡോസും എടുക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി അവബോധം ശക്തിപ്പെടുത്തണം.
7. പ്രമേഹം, രക്തസമ്മർദ്ദം മുതലായ ജീവിത ശൈലീ രോഗങ്ങളുള്ളവരും മറ്റ് ഗുരുതര

രോഗങ്ങളുള്ളവരും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും, ഗർഭിണികളും കുട്ടികളും അമിത വണ്ണമുള്ളവരും കോവിഡ് രോഗം വരാതിരിക്കുന്നതിനുള്ള പ്രത്യേകമായ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ളവർ കോവിഡ് രോഗലക്ഷണം ഉണ്ടെങ്കിൽ അടിയന്തര ചികിത്സ തേടേണ്ടതാണ്. വീട്ടിലുള്ള കിടപ്പ് രോഗികൾക്കും സാന്ത്വന പരിചരണത്തിലുള്ള രോഗികൾക്കും കോവിഡ് രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. കോവിഡ് രോഗം ബാധിച്ച് ചികിത്സ ആവശ്യമുള്ള ഒരു രോഗിക്കും ചികിത്സ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകരുത്. കിടത്തി ചികിത്സ ആവശ്യമുള്ള കോവിഡ് രോഗികൾക്കായി എല്ലാ സർക്കാർ / സ്വകാര്യ ആശുപത്രികളിലും നിശ്ചിത എണ്ണം ബെഡ്ഡുകൾ പ്രത്യേകമായി മാറ്റി വയ്ക്കേണ്ടതും ചികിത്സ ലഭ്യമാക്കേണ്ടതുമാണ്.
9. ഏതെങ്കിലും ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് കോവിഡ് രോഗം സ്ഥിരീകരിച്ചാൽ അതേ ആശുപത്രിയിൽ തന്നെ കോവിഡ് രോഗികൾക്കായി വേർതിരിച്ചയിടത്ത് (പ്രത്യേകമായി നീക്കിവച്ചയിടത്ത്) തുടർ ചികിത്സ ഉറപ്പാക്കേണ്ടതാണ്.
10. മേൽപ്പറഞ്ഞ പ്രകാരമുള്ള സൗകര്യങ്ങൾ സർക്കാർ / സ്വകാര്യ ആശുപത്രികളിൽ ഒരുക്കുന്നുണ്ടെന്നും രോഗികൾക്ക് ചികിത്സ ലഭ്യമാകുന്നുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുരേന്ദ്രൻ പിള്ള
അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള,.തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർമാർ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് .
കരുതൽ ഫയൽ/ഓഫീസ് കോപ്പി (F2/31/2020-HEALTH-Part(45) നമ്പർ ഫയലിലേയ്ക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 01-04-2023 17:39:05
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് .
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി -യ്ക്ക് .
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-യ്ക്ക് .

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.